m - 39

"ഭരണഭാഷ മാതൃഭാഷ"

ARCDA/636/2020-B3


പുരാവസ്തു വകുപ്പദ്ധ്യക്ഷ കാ

സുന്ദരവിലാസം ‍െ

തിരുവനന്തപു

ഫോൺ/ഫാക്സ്:0471-2

ഇ-മെയിൽ: director.arch@kera

വെബ് സൈറ്റ്: archaeology.kera


തീയതി: 25

## ടെണ്ടർ നോട്ടീസ്

കേരള പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള ചുവടെപ്പറയുന്ന മ്യൂസിയങ്ങളിലും, സംരക്ഷിത സ്മാരകങ്ങളിലും ചിതലിനെതിരെ രാസപ്രയോഗം നടത്തുന്നതിന് പുരാവസ്തുവകുപ്പദ്ധ്യക്ഷൻ ബഹു.കേരള ഗവർണ്ണർക്ക് വേണ്ടി ടെണ്ടർ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | മ്യൂസിയത്തിന്റെ പേര് | രാസസംരക്ഷണം നടത്തേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 01 | ചേന്ദമംഗലം സിനഗോഗ് | 1,600 sqft |
| 02 | ആലുവ യു.സി.കോളേജ് | 3,600 sqft |
| 03 | കൊല്ലങ്കോട് പാലസ്, തൃശ്ശൂർ | 4,800 sqft |
| 04 | ശക്തൻ തമ്പുരാൻ പാലസ് മ്യൂസിയം, തൃശ്ശൂർ | 26,179 sqft |
| 05 | പഴശ്ശിരാജാ മ്യൂസിയം,കോഴിക്കോട് | 6,936 sqft |
| 06 | കുമാരനാശാൻ സ്മാരകം, തോന്നയ്ക്കൽ | 500 sqft |
| 07 | തിരൂരങ്ങാടി താലൂക്കാഫീസ് കെട്ടിടം, മലപ്പുറം | 7,500 sqft |
| 08 | നിയമസഭ സുവർണ ജൂബിലി മ്യൂസിയം | 11,000 sqft |
| 09 | കോയിക്കൽ കൊട്ടാരം,നെടുമങ്ങാട് | 10,100 sqft |
| 10 | കുമാരമംഗലത്തുമന | 2,700 sqft |
| | ആകെ | 74,915 sqft |

**നിബന്ധനകൾ(Applicable ആയ പൊതുനിബന്ധനകൾക്ക് പുറമെ)**

1. ചിതലിനെതിരെയുള്ള രാസസംരക്ഷണ ജോലികൾ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങൾ പാലിച്ചും നടത്തേണ്ടതാണ്.
2. ഇതിനായി ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ ഗുണമേന്മയുള്ളവയാ യിരിക്കണം. യാതൊരുവിധ നിരോധനവും ഉള്ളവയായിരിക്കരുത്.
3. ഒരു സ്ക്വയർ ഫീറ്റ് സ്ഥലം രാസപ്രയോഗം നടത്തുന്നതിന് എത്ര രൂപ(നികുതി ഉൾപ്പടെ) എന്ന രീതിയിൽ നിരക്ക് കാണിക്കേണ്ടതാണ്.
4. ടെണ്ടർ ലഭിയ്ക്കുന്ന മുറയ്ക്ക് ഏറ്റവും കുറഞ്ഞ നിരക്ക് കാണിക്കുന്ന സ്ഥാപനത്തിന് കരാർ ഉറപ്പിക്കുന്നതാണ്. കരാർ തുകയുടെ 5 % സെക്യൂരിറ്റി ഡെപ്പോസിറ്റായി പ്രവൃത്തി

ആരംഭിക്കുന്നതിന് മുമ്പ് വകുപ്പദ്ധ്യക്ഷന് ഡി.ഡി ആയോ മറ്റ് അനുവദനീയ രീതിയിലോ നൽകേണ്ടതാണ്.

5. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് പൈതൃക കെട്ടിടങ്ങളിലൊ സ്മാരകങ്ങളിലൊ ഇത്തരം പ്രവൃത്തികൾ ചെയ്തുള്ള മുൻപരിചയം കാണിക്കുന്ന രേഖകൾ ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ മുൻപരിചയമില്ലാത്ത സ്ഥാപനങ്ങളുടെ ടെണ്ടറുകൾ, കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതാണ്.

6. ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ ഈ വിഷയത്തിൽ വകുപ്പദ്ധ്യക്ഷനുമായി ജോലി തുടങ്ങുന്നതിന് മുമ്പ് കരാർ ഒപ്പിടേണ്ടതാണ്.

7. ചിതലിനെതിരെ രാസസംരക്ഷണം നടത്തുന്ന സ്ഥല വിസ്തീർണ്ണം കൺസർവേഷൻ ഓഫീസർ പരിശോധിച്ച് അളന്നു തിട്ടപ്പെടുത്തേണ്ടതും, അതനുസരിച്ചുള്ള ബില്ലുകൾ (pre-receipted) ഈ സ്ഥാപനങ്ങൾ കൺസർവേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.

8. ചിതലിനെതിരെ രാസംരക്ഷണം നടത്തുന്ന മ്യൂസിയങ്ങളിലും, സംരക്ഷിത സ്മാരകങ്ങളിലും ഇത്തരം പ്രവൃത്തികൾ കഴിഞ്ഞ് അഞ്ച് വർഷത്തിനകം ചിതലിന്റെ ശല്യം ഉണ്ടായതായി കണ്ടാൽ, ആ പ്രവൃത്തി ചെയ്ത സ്ഥാപനം സ്വന്തം ചെലവിൽ വീണ്ടും ചിതൽ ശല്യമുള്ള സ്ഥലം രാസസംരക്ഷണം നടത്തേണ്ടതാണ്. ബില്ലിനോടൊപ്പം ഇത്തരം ഒരു ഉറപ്പ് കാണിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

9. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുവാനും, സ്വീകരിക്കുവാനും അതിന്മേൽ ബന്ധപ്പെട്ട എന്ത് തീരുമാനം എടുക്കുന്നവാനും വകുപ്പദ്ധ്യക്ഷന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. മുഴുവൻ ടെണ്ടർ നടപടികളും യാതൊരു കാരണവും കാണിക്കാതെ പൂർണ്ണമായും റദ്ദ് ചെയ്യുന്നതിനും വകുപ്പദ്ധ്യക്ഷന് അധികാരം ഉണ്ടായിരിക്കും. കരാർ ഉറപ്പിക്കുന്നവർക്ക് മുൻകൂർ തുക അനുവദിക്കുന്നതല്ല.

10. പ്രസ്തുത പ്രവൃത്തിക്കുള്ള ടെണ്ടർ ഫോറം 27.01.2025 മുതലുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ, 500/- രൂപ നൽകി പുരാവസ്തുവകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്നും വാങ്ങാവുന്നതാണ്. ടെണ്ടർ സമർപ്പിക്കേണ്ട അവസാനതിയ്യതി 06.02.2025 ന് 2 മണി.

വിശ്വസ്തതയോടെ,

ഡയറക്ടർ

Signed by
Dinesan E
Date: 25-01-2025 16:26:05

ARCDA/636/2020-B3

പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം
സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ:0471-2577465
ഇ-മെയിൽ: director.arch@kerala.gov.in
വെബ് സൈറ്റ്: archaeology.kerala.gov.in
തീയതി: 25-01-2025

**<u>ദർഘാസ്</u>**

കേരള പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളിലും, മ്യൂസിയങ്ങളിലും ചിതലിനെതിരെ രാസപ്രയോഗം നടത്തുന്നതിന് ദർഘാസ് ക്ഷണിക്കുന്നു. അടങ്കൽ തുക ₹2,99,660/-. ദർഘാസ് ഫോറം 27.01.25 മുതൽ (പ്രവർത്തി ദിനങ്ങളിൽ മാത്രം) രാവിലെ 10.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ 600/- + GST(if applicable) രൂപ നൽകി വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്നും വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയം 0471 - 2577465 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടർ

Signed by
Dinesan E
Date: 25-01-2025 16:27:14